LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപടികൾ

195 (887) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മികച്ച മഴ ലഭിച്ചിട്ടും സംസ്ഥാനം കടുത്ത വരൾച്ചയെ ഇത്തവണ അഭിമുഖീകരിക്കാൻ സാധ്യതയുണ്ടെന്ന് സംസ്ഥാന ദുരന്ത നിവാരണ കേന്ദ്രത്തിന്റെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവോ ; എങ്കിൽ അതിന്മേൽ എന്തുനടപടി സർക്കാർ സ്വീകരിച്ചു ; വിശദാംശം നൽകുമോ ;

(ബി) 2015 ജനുവരി മുതൽ സംസ്ഥാനത്തിന്റെ 65% മേഖലകളിലും ശുദ്ധജലക്ഷാമം അനുഭവപ്പെടുകയും മലിനജലം ഉപയോഗിക്കേണ്ടിയും വരുമെന്നതിനാൽ ഇതിൽനിന്നും ജനങ്ങളെ രക്ഷിക്കാൻ സർക്കാർ എന്തുനടപടികൾ സ്വീകരിക്കുമെന്നും ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ നദികളെയും ജലാശയങ്ങളെയും കുളങ്ങളെയും നീരുറവകളെയും സംരക്ഷിക്കാൻ സർക്കാർ നടപ്പുവർഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇതിനായി നടപ്പുവർഷം എത്ര തുക വകയിരുത്തി ; ഏതെല്ലാം പദ്ധതികൾവഴി എത്ര തുക ചെലവാക്കി ; എത്ര തുക വകമാറ്റി ചെലവാക്കി ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ജലസ്രോതസ്സുകളുടെ സംരക്ഷണം

196 (888) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;